നവകേരളം കർമപദ്ധതി

# നവകേരളം വാർത്ത

2025 ജനുവരി വാല്യം 2

ന്യൂസ് ലെറ്റർ

ഓൺലൈൻ

46



## കൂടുതൽ ഹരിതപ്രഖ്യാപനങ്ങൾ

ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമിട്ട് സംസ്ഥാനമൊട്ടാകെ സംഘടിപ്പിക്കുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായുള്ള ഹരിത പ്രഖ്യാപനങ്ങൾ പുരോഗമിക്കുന്നു. മന്ത്രിമാരും ജനപ്രതിനിധികളും വിവിധ ജില്ലകളിൽ പ്രഖ്യാപനങ്ങൾ നിർവഹിച്ചു വരുന്നു. ഹരിത വിദ്യാലയങ്ങൾ, ഹരിത മാർക്കറ്റുകൾ, പൊതു ഇടങ്ങൾ, ഹരിത കലാലയം തുടങ്ങി ജനുവരി 31 വരെ എല്ലാ തദ്ദേശസ്ഥാപനങ്ങളിലും കൂടുതൽ ക്യാമ്പയിൻ പ്രവർത്തനങ്ങളും ഒപ്പം ഹരിത പദവി പ്രഖ്യാപനങ്ങളും നടന്നു. തദ്ദേശ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ശ്രദ്ധേയമായ ക്യാമ്പയിൻ പ്രവർത്തനങ്ങളിലൂടെയാണ് ഈ സ്ഥാപനങ്ങൾ ഹരിത പദവിയിലേയ്ക്കെത്തിയത്.

2024 ഒക്ടോബർ 2 ഗാന്ധിജയന്തി ദിനം മുതൽ 2025 മാർച്ച് 30 വരെ (അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനം) വരെയാണ് ജനകീയ ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും വിവിധ വകുപ്പുകളുടേയും ഏജൻസികളുടേയും സഹകരണത്തോടെ ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രൊജക്ട്, ക്ലീൻ കേരള കമ്പനി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കില എന്നിവ സംയുക്തമായാണ് ക്യാമ്പയിന്റെ ഏകോപനം നിർവഹിക്കുന്നത്.

## ഷൊർണ്ണൂരിൽ മാലിന്യസംസ്കരണ പഠനകേന്ദ്രവും എം.സി.എഫ്. ഫെസിലിറ്റേഷൻ സെന്ററും



പൊതുയിടങ്ങളിൽ മാലിന്യം തള്ളുന്നവരിൽനിന്ന് തത്സമയം പിഴയീടാക്കാൻ ഉത്തരവിറക്കുമെന്ന് മന്ത്രി എം.ബി. രാജേഷ് പറഞ്ഞു. ഷൊർണൂരിനെ മാലിന്യമുക്ത നഗരസഭയായി പ്രഖ്യാപിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മാലിന്യസംസ്കരണ പഠനകേന്ദ്രവും എം.സി.എഫ്. ഫെസിലിറ്റേഷൻ സെന്ററും മന്ത്രി ഉദ്ഘാടനം ചെയ്തു. മെറ്റൽ ഇൻഡസ്ട്രീസിന് സമീപത്തെ മാലിന്യസംസ്കരണ കേന്ദ്രത്തിൽ ശലഭോദ്യാനം, ചെറിയ പാർക്ക്, ഇരിപ്പിടങ്ങൾ, നഴ്സറി, പഠനകേന്ദ്രം എന്നിവയും ഒരുക്കിയിട്ടുണ്ട്. നഗരസഭയ്ക്ക് മുന്നിലും പാതയോരങ്ങളിലും സൗന്ദര്യവത്കരണം നടത്തി മാലിന്യം തള്ളാതിരിക്കാനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.പി. മമ്മിക്കുട്ടി എം.എൽ.എ. ചടങ്ങിൽ അധ്യക്ഷനായി.

## നിലമ്പൂർ തേക്ക് മ്യൂസിയം ഇനി ഹരിത ടൂറിസം കേന്ദ്രം

കേരള വന ഗവേഷണ കേന്ദ്രത്തിന് കീഴിലുള്ള നിലമ്പൂരിലെ പ്രശസ്തമായ തേക്ക് മ്യൂസിയം ഹരിത ടൂറിസം കേന്ദ്രമായി കായിക - ന്യൂനപക്ഷ ക്ഷേമ വകുപ്പു മന്ത്രി വി. അബ്ദുറഹിമാൻ പ്രഖ്യാപിച്ചു. മാലിന്യ സംസ്കരണ രംഗത്ത് പൊതുജനത്തിന്റെ മനോഭാവം മാറ്റാൻ കഴിഞ്ഞുവെന്നത് ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്ന ഊർജിത നടപടികളുടെ നേട്ടമാണെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ വഴി സംസ്ഥാനത്തെ മുഴുവൻ ടൂറിസം കേന്ദ്രങ്ങളെയും ഹരിത ടൂറിസം കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായാണ് പ്രഖ്യാപനം. ശലഭോദ്യാനം, ഔഷധ ഉദ്യാനം, പച്ചത്തുരുത്ത്, കൃത്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ തുടങ്ങിയവ ഒരുക്കിയാണ് ഹരിതകേരളം മിഷന്റെ സഹകരണത്തോടെ കെ.എഫ്.ആർ.ഐ



തേക്ക് മ്യൂസിയം ഗ്രീൻ ഡെസ്റ്റിനേഷനാക്കിയത്. നഗരസഭയുടെ നേതൃത്വത്തിൽ ഹരിത വിദ്യാലയങ്ങളായി തിരഞ്ഞെടുത്ത സ്കൂളുകൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ചടങ്ങിൽ മന്ത്രി നിർവഹിച്ചു.

## ആലത്തൂരിൽ ഹരിത പ്രഖ്യാപനങ്ങൾ

പാലക്കാട് ആലത്തൂർ ഗ്രാമപഞ്ചായത്തിലെ സമ്പൂർണ ഹരിത വിദ്യാലയം, ഹരിതകലാലയം, ഹരിത അംഗൻവാടി, ഹരിത അയൽക്കൂട്ടം, ഹരിത ടൗൺ, ഹരിത സ്ഥാപനം എന്നിവയുടെ പ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും ജനുവരി 26 ന് വൈദ്യുതി വകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി നിർവഹിച്ചു.ആലത്തൂർ എം.എൽ.എ. കെ.ഡി. പ്രസന്നൻ അധ്യക്ഷത വഹിച്ചു.



## എഡിറ്റോറിയൽ

# നാടിന്റെ മുഖച്ഛായ മാറ്റി ഹരിത ടൗണുകൾ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ സംസ്ഥാനത്ത് സമഗ്രമായൊരു മാറ്റത്തിനാണ് കളമൊരുക്കുന്നത്. ശുചിത്വം, മാലിന്യ സംസ്കരണം, ഹരിതചട്ട പാലനം തുടങ്ങിയ വിഷയങ്ങളിൽ വർദ്ധിച്ചു വരുന്ന പൊതുബോധം ഈ മാറ്റത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഗ്രാമങ്ങളിലും നഗരങ്ങളിലും ജനങ്ങൾ മുന്നിട്ടിറങ്ങി ക്യാമ്പയിൻ പ്രവർത്തനങ്ങൾ ഏറ്റെടുത്തതിന്റെ ഫലമായി സംസ്ഥാനത്ത് വിപുലമായ തോതിൽ ഹരിത പ്രഖ്യാപനങ്ങൾ പുരോഗമിക്കുകയാണ്. ഇതിൽ പ്രത്യേക ശ്രദ്ധയാകർഷിക്കുകയാണ് ഹരിത ടൗണുകൾ.

കാലാനുസൃതമായ, ദ്രുതഗതിയിലുള്ള നഗരവളർച്ച, ജനസംഖ്യയിലെ വർദ്ധന, ജീവിതശൈലിയിലെ മാറ്റങ്ങൾ തുടങ്ങി വിവിധ കാരണങ്ങളാൽ ടൗണുകളിലെ മാലിന്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകൾ ചെറുതല്ല. എന്നാൽ ജനകീയ ക്യാമ്പയിനിലൂടെ ഈ രംഗത്ത് സൃഷ്ടിക്കാനായ മാറ്റം വിപ്ലവകരമാണ്. സംസ്ഥാനത്ത് ഇതിനോടകം 1884 ടൗണുകൾ ഹരിത സുന്ദര ടൗണുകളായി മാറിക്കഴിഞ്ഞു. ചെറുതും വലുതുമായ കവലകൾ ഉൾപ്പെടുന്ന ഈ ടൗണുകളിൽ നടന്ന സൗന്ദര്യവൽക്കരണവും ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും അതതു പ്രദേശങ്ങളിൽ കാതലായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്.

പരിസരത്തിന്റെ വൃത്തി മുഖ്യമായി ലക്ഷ്യമിട്ടും പാഴ്വസ്തുക്കളുടെ പുനഃരുപയോഗ സാധ്യത പരമാവധി പ്രയോജനപ്പെടുത്തിയും പരിസ്ഥിതി സംരക്ഷിച്ചും ചെടികൾ വച്ച് മോടി പിടിപ്പിച്ചും നടത്തുന്ന ഹരിത ടൗൺ പ്രവർത്തനങ്ങൾ കൂട്ടായ്മയുടെ ശ്രമഫലവും വിജയവുമാണ് അടയാളപ്പെടുത്തുന്നത്. മാലിന്യങ്ങളും പാഴ്വസ്തുക്കളും വലിച്ചെറിയാതെ നിർദ്ദിഷ്ട ഇടങ്ങളിൽ ശേഖരിച്ച് ശാസ്ത്രീയമായി സംസ്കരിക്കാൻ നൽകിയും ആവുന്നത്ര പച്ചപ്പ് സൃഷ്ടിച്ചും ജലസുരക്ഷ ഉറപ്പാക്കിയും പരിസ്ഥിതിയുമായി പൊരുത്തപ്പെടുന്ന മാർഗ്ഗങ്ങളിലൂടെയുമാണ് ഹരിത ടൗൺ യാഥാർത്ഥ്യമാക്കുന്നത്. ഇത്തരം അനുകരണീയ മാതൃകകൾ നാടാകെ വ്യാപിപ്പിക്കാനായാൽ, വ്യക്തി ശുചിത്വത്തിൽ ശ്രദ്ധ കാണിക്കുന്ന മലയാളി പരിസര ശുചിത്വത്തിൽ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല എന്ന വിമർശനത്തിന് പ്രായോഗികമായ മറുപടിയാകും. നാടിന്റെയും നഗരത്തിന്റെയും വികസനത്തിനൊപ്പം പ്രകൃതിയെ നശിപ്പിക്കാതെയുള്ള ജീവിതശൈലി അനുവർത്തിക്കുക എന്ന ആശയവും ഹരിത ടൗണുകൾ മുന്നോട്ടുവയ്ക്കുകയാണ്. ഈ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഹരിത ടൗണുകളായ പ്രദേശങ്ങളെ സ്ഥിരമായി ഹരിത പദവിയിൽ തന്നെ നിലനിർത്തേണ്ടത് നാമേവരുടേയും ഉത്തരവാദിത്വമാണ്. ഇതിനായി ജനകീയ സമിതികൾ സജീവമാകണം.

**ഡോ. ടി.എൻ. സീമ**
സംസ്ഥാന കോർഡിനേറ്റർ, നവകേരളം കർമപദ്ധതി 2
വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

## നിർണയ ലാബ് ശൃംഖല : പരിശോധനാ വിവരങ്ങൾ മൊബൈലിൽ



സമഗ്ര ലബോറട്ടറി പരിശോധനകൾ താഴെത്തട്ടിൽ ഉറപ്പ് വരുത്തുന്നതിനായി സർക്കാർ മേഖലയിലെ ലാബുകളെ ബന്ധിപ്പിച്ചു കൊണ്ടുള്ള 'നിർണയ ലബോറട്ടറി ശൃംഖല' (ഹബ് ആന്റ് സ്പോക്ക്) വൈകാതെ പൂർണതോതിൽ സംസ്ഥാനമൊട്ടാകെ പ്രവർത്തനമാരംഭിക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ജില്ലകളിൽ നിലവിൽ പ്രാഥമിക, ദ്വിതീയ, ത്രിതീയ തലത്തിൽ നിർണയ പദ്ധതിയുടെ നെറ്റ്‌വർക്കിങ് സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ നിർദ്ദിഷ്ട ഹെൽത്ത് ബ്ലോക്കുകളിൽ പ്രവർത്തനം നടന്ന് വരികയും ചെയ്യുന്നു. ഇത് സജ്ജമായാൽ പരിശോധനാ ഫലത്തിനായി അലയേണ്ട. നിർണയ ലാബ് നെറ്റ്‌വർക്കിലൂടെ നിർദ്ദിഷ്ട പരിശോധനാ ഫലങ്ങൾ മൊബൈലിലൂടെ അറിയാൻ സാധിക്കും. നവകേരളം കർമപദ്ധതി ആർദ്രം മിഷന്റെ ഭാഗമായാണ് നിർണയ ലാബ് ശൃംഖല നടപ്പാക്കി വരുന്നത്. സർക്കാർ മേഖലയിലെ ലാബുകൾ വഴി ഗുണനിലവാരവും ആധുനിക പരിശോധനാ സംവിധാനങ്ങളും ഉറപ്പാക്കി കുറഞ്ഞ നിരക്കിൽ പരിശോധനകൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ, ജനറൽ ആശുപത്രികൾ വരെ മൂന്ന് തലങ്ങളിലായി പൊതുജനങ്ങൾക്ക് ഫലപ്രദമാവുന്ന രീതിയിൽ സംസ്ഥാനത്തെ ലാബ് ശൃംഖല ശക്തിപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.


## 'ലൈഫ്' - സമാനതകളില്ലാത്ത ബൃഹത് പദ്ധതി : മന്ത്രി എം.ബി. രാജേഷ്



ഭവനരഹിതരായ സാധാരണ ജനങ്ങളുടെ ജീവിതത്തെ മാറ്റി മറിച്ച, ഇന്ത്യയിൽ തന്നെ സമാനതകളില്ലാത്ത ബൃഹത് പദ്ധതിയാണ് ലൈഫ് എന്ന് മന്ത്രി എം.ബി. രാജേഷ്. തിരുവനന്തപുരം കിളിമാനൂർ പോങ്ങനാട് 25 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ചു നൽകുന്ന ലയൺസ് ലൈഫ് വില്ലേജ് പദ്ധതിയുടെ ശിലയിടൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. എട്ട് വർഷത്തിനിടെ ലൈഫ് പദ്ധതിയിൽ 4,24,800 പേർ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. 1,14000 ത്തിലധികം വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. രാജ്യത്തിനുതന്നെ മാതൃകയായ പദ്ധതി നടപ്പിലാക്കാൻ കഴിയുന്നത് തദ്ദേശ സ്ഥാപനങ്ങളും സന്നദ്ധ സംഘടനകളും സർക്കാരുമായി കൈകോർക്കുന്നതുകൊണ്ടാണെന്നും മന്ത്രി പറഞ്ഞു. കിളിമാനൂർ തെന്നൂരിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 1.43 ഏക്കറിലാണ് വീടൊരുക്കുന്നത്. 454 ചതുരശ്ര അടിയിൽ രണ്ട് കിടപ്പുമുറി, ഹാൾ, അടുക്കള, ശൗചാലയം എന്നീ സൗകര്യങ്ങളുള്ള വീടുകളാണ് നിർമ്മിക്കുന്നത്. 25 വീടുകളും ഒരു അമിനിറ്റി സെന്ററുമാണ് പദ്ധതി. ലയൺസ് ഇന്റർനാഷണൽ ഡിസ്ട്രിക്ട് 318 എയും തദ്ദേശ സ്ഥാപനങ്ങളും ലൈഫ് മിഷനും കൈകോർത്ത് 100 കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കും. എസ്.എസ്. ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഒ.എസ്. അംബിക എം.എൽ.എ. അധ്യക്ഷയായി. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് ഷാജി, ലയൺസ് ഇന്റർനാഷണൽ 318 എ ഡിസ്ട്രിക്ട് ഗവർണർ എം.എ. വഹാബ്, അൻവർഹുസൈൻ തുടങ്ങിയവർ സംസാരിച്ചു.

# 'മനസ്സോടിത്തിരി മണ്ണ്' അതി ദരിദ്രർക്ക് നൽകി രമണിയും രാജേഷും

നിറഞ്ഞ മനസ്സോടെ 20 സെന്റ് അതിദരിദ്രർക്ക് വീട് വെക്കാൻ വിട്ടുനൽകി സംരംഭക ദമ്പതിമാർ. കുഞ്ഞിപ്പാറയിലെ രമണിയും രാജേഷുമാണ് ഈ മനസ്സിനുടമകൾ. ഭൂമി നൽകാനുള്ള സന്നദ്ധത ഇവർ കാസർഗോഡ് കളക്ടർ കെ. ഇമ്പശേഖറെ അറിയിച്ചു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ബേബി ബാലകൃഷ്ണൻ നവകേരളം കർമപദ്ധതിയുടെ ഭാഗമായുള്ള 'മനസ്സോടിത്തിരി മണ്ണ്' പദ്ധതി വിശദീകരിച്ചു. ബേബി ബാലകൃഷ്ണന്റെ അഭ്യർഥന മാനിച്ചാണ്



20 സെന്റ് നൽകാൻ തിരുമാനിച്ചതെന്ന് രമണി രാജേഷ് പറഞ്ഞു. ചിമേനി ചള്ളുവക്കോട്ടെ 20 സെന്റാണ് ലൈഫ് മിഷന് നൽകുന്നത്. സ്ഥലം അളന്നുതിട്ടപ്പെടുത്തി ലൈഫ് മിഷൻ പട്ടികയിലുള്ള അതിദരിദ്രർക്ക് നൽകാനുള്ള നടപടിക്കായി കയ്യൂർ-ചീമേനി പഞ്ചായത്തിനോട് കളക്ടർ നിർദേശിച്ചു.

# പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ ഹരിത പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തൃശൂർ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിൽ ഹരിത പ്രഖ്യാപനം നടന്നു. യു ആർ പ്രദീപ് എം എൽ എ ഉദ്ഘാടനം ചെയ്തു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കുമാരി തങ്കമ്മ അധ്യക്ഷത വഹിച്ചു. പഞ്ചായത്തിലെ 31



സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല സ്ഥാപനങ്ങൾ, 9 വിദ്യാലയങ്ങൾ, 3 കോളേജുകൾ, 24 അംഗനവാടികൾ എന്നിവയ്ക്കയാണ് ആദ്യഘട്ട ഹരിത പദവി ലഭിച്ചത്.

# വലിയ ഉദേശ്വരം ഗവ. എൽ.പി.എസിന് പുതിയമന്ദിരം

ഓരോ കുട്ടിയ്ക്കും കഴിവോടെ വളരാനുള്ള അന്തരീക്ഷമൊരുക്കലാണ് ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിന്റെയും പ്രധാന ദൗത്യമെന്ന് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. തിരുവനന്തപുരത്ത് വലിയ ഉദേശ്വരം ഗവ. എൽ.പി. എസിലെ പുതിയമന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. പൊതുവിദ്യാലയങ്ങളിൽ പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം ഇപ്പോൾ



വലിയ വാർത്തയല്ല, ഇത് തന്നെയാണ് പൊതുവിദ്യാഭ്യാസ മേഖലയിൽ സംഭവിച്ച വിപ്ലവം. സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾക്കൊപ്പം ഭാവിയെ കുറിച്ച് ചിന്തിച്ച് തയ്യാറാക്കിയ ആധുനിക സജ്ജീകരണങ്ങളും അടിസ്ഥാന സൗകര്യവികസനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

# ദേശീയ ഗുണനിലവാരത്തിൽ 200 ആശുപത്രികൾ

സംസ്ഥാനത്തെ 200 ആരോഗ്യ സ്ഥാപനങ്ങൾക്ക് ദേശീയ ഗുണനിലവാര അംഗീകാരമായ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.) സർട്ടിഫിക്കേഷൻ ലഭ്യമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പുതുതായി 3 ആരോഗ്യ സ്ഥാപനങ്ങൾക്ക് കൂടി എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചതോടെയാണ് ഈ ചരിത്ര നേട്ടം കൈവരിച്ചത്.

ഇടുക്കി ജില്ലയിലെ ചിന്നക്കനാൽ കുടുംബാരോഗ്യ കേന്ദ്രം, വയനാട് ജില്ലയിലെ വെങ്ങപ്പള്ളി കുടുംബാരോഗ്യ കേന്ദ്രം, വയനാട് ജില്ലയിലെ മുത്തങ്ങ ജനകീയ ആരോഗ്യ കേന്ദ്രം എന്നിവയാണ് എൻ.ക്യു.എ.എസ്. നേടിയെടുത്തത്. ഇതോടെ 5 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 41 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 135 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 4 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടി. 2023 ലാണ് ആർദ്രം മിഷന്റെ ഭാഗമായി 5415 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കിയത്. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങളും ഉപകരണങ്ങളും ആരോഗ്യ സേവനങ്ങളും 36 ഇനം മരുന്നുകളും 10 തരം ലാബ് പരിശോധനകളും ലഭ്യമാണ്. ഇതിലൂടെ വാർഡ് തലം മുതലുള്ള ആരോഗ്യ സേവനങ്ങൾ ശാക്തീകരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് മൂന്ന് ജനകീയ ആരോഗ്യ കേന്ദ്രങ്ങൾക്ക് ലഭിച്ച അംഗീകാരം.

എറണാകുളം അങ്കമാലി നഗരസഭയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും ഹരിതകേരളം മിഷനും സംയുക്തമായി ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനം നടത്തി. മൂന്ന് വാർഡുകളിലുമായി 2.5 ഏക്കർ കൃഷിയുടെ വിളവെടുപ്പും നടത്തി.



## കുന്നന്താനം ഗ്രീൻ പാർക്ക് മാലിന്യസംസ്കരണ പ്ലാന്റ് ഉദ്ഘാടനം മന്ത്രി എം.ബി. രാജേഷ് നിർവഹിച്ചു



പത്തനംതിട്ട ജില്ലാ പഞ്ചായത്തും ക്ലീൻ കേരള കമ്പനിയും ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ചേർന്ന് സമ്പൂർണ്ണ ശുചിത്വ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച സംയോജിത പ്ലാസ്റ്റിക്ക് പാഴ്വസ്തു സംസ്കരണ ഫാക്ടറി 'ഗ്രീൻ പാർക്ക്' തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്തു. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന് ഗ്രീൻ പാർക്ക് ഊർജ്ജം പകരുന്നതാണെന്നും കേരളത്തിനു മൊത്തം മാതൃകയായ പദ്ധതിയാണെന്നും മന്ത്രി പറഞ്ഞു.ശുചിത്വത്തിനായുള്ള വലിയ മുന്നേറ്റമാണ് സംസ്ഥാനത്ത് നടക്കുന്നത്. മാലിന്യമുക്ത ജില്ലയെന്ന സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിലേക്കുള്ള പ്രധാന ചുവടുവെപ്പാണ് കുന്നന്താനം ഗ്രീൻ പാർക്ക് എന്ന് ചടങ്ങിൽ ഓൺലൈനായി പങ്കെടുത്ത ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാജി പി. രാജപ്പൻ അധ്യക്ഷത വഹിച്ചു. മാത്യു ടി. തോമസ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് അംഗങ്ങൾ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ തുടങ്ങിയവർ പ്രസംഗിച്ചു. ജില്ലയിലെ വിവിധ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് സ്വീകരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം തരിരൂപത്തിൽ സംസ്കരിക്കുന്ന സംവിധാനമാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

## കാസർഗോഡ് ജില്ലയിൽ ഹരിതഗ്രന്ഥശാല പ്രഖ്യാപനം

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിൽ നടത്തിയ ഗ്രന്ഥാലയം/ വായനശാലകളുടെ ഹരിത ഓഡിറ്റ് സർവേ സംസ്ഥാനത്തിനാകെ മാതൃകയാണെന്ന് നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പറഞ്ഞു. ഡിപിസി ഹാളിൽ ചേർന്ന മാലിന്യ



മുക്തം നവകേരളം ജനകീയ കാമ്പയിൻ കാസർഗോഡ് ജില്ലാ നിർവഹണസമിതിയിൽ ഹരിതപദവി നേടിയ ഗ്രന്ഥാലയങ്ങൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ഡോ. ടി.എൻ. സീമ നിർവഹിച്ചു. ജില്ലയിലെ 41 ഗ്രന്ഥാലയങ്ങൾ സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. ഹരിതകേരളം മിഷനും ജില്ലാ ലൈബ്രറി കൗൺസിലും സംയുക്തമായിട്ടാണ് സർവേ നടത്തിയത്. ഹരിതപ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുള്ള ഗ്രന്ഥശാല പരിപാടികളും, മാലിന്യസംസ്കരണം, കൃഷി തുടങ്ങിയ മേഖലകളുമാണ് വിലയിരുത്തിയത്. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി. ബേബി ബാലകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഇ. ചന്ദ്രശേഖരൻ എം.എൽ.എ., നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ കെ. ബാലകൃഷ്ണൻ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുത്തു.

## മന്ദലാംകുന്ന് ബീച്ച് ഹരിത ടൂറിസം പദവിയിൽ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിനോടനുബന്ധിച്ച് തൃശൂർ പുന്നയൂർ ഗ്രാമപഞ്ചായത്ത് മന്ദലാംകുന്ന് ബീച്ച് ഹരിത ടൂറിസം കേന്ദ്രമായി എൻ.കെ. അക്ബർ എംഎൽഎ പ്രഖ്യാപിച്ചു. പുന്നയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി. സുരേന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ നവകേരളം കർമപദ്ധതി ജില്ലാ കോഡിനേറ്റർ ദിദിക സി. മുഖ്യാതിഥിയായി. ഹരിതകർമ സേനയുടെ നേതൃത്വത്തിൽ ഒന്നാംഘട്ട ബീച്ച് ശുചീകരണവും ബോധവൽക്കരണവും മന്ദലാംകുന്ന് ബീച്ചിൽ സംഘടിപ്പിച്ചു. IVHS ഒരുമനയൂർ, HSS ഏങ്ങണ്ടിയൂർ, GHSS വാടാനപ്പള്ളി, MRRM ചാവക്കാട്, GHSS മണത്തല, MASM HSS വെൺമേനാട്, GHS കടപ്പുറം, ജോസഫ് മുണ്ടശ്ശേരി സ്കൂൾ കണ്ടശ്ശാംകടവ്, St.തോമസ് ഏങ്ങണ്ടിയൂർ എന്നീ സ്കൂളുകളിൽ നിന്നും അധ്യാപകരുടെ നേതൃത്വത്തിൽ പങ്കെടുത്ത നൂറോളം എൻഎസ്എസ് വിദ്യാർത്ഥികൾ രണ്ടാംഘട്ട ശുചീകരണവും പൂർത്തിയാക്കി.

## ഹരിത ക്യാമ്പസാകാൻ മഹാരാജാസ്

ഹരിത ക്യാമ്പസ് പദ്ധതിയുടെ ഭാഗമായി എറണാകുളം മഹാരാജാസ് കോളേജിലെ ക്ലാസ്മുറികളും ക്യാമ്പസും ശുചീകരിച്ചു. പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസായി മാറുന്നതിന് ഇവിടെ പ്ലാസ്റ്റിക് ഗ്ലാസുകളും പ്ലേറ്റുകളും ഉൾപ്പെടെ നിരോധിച്ചു. ഹരിതകേരളം മിഷന്റെയും കൊച്ചി കോർപറേഷന്റെയും സഹകരണത്തോടെ കോളേജിലെ അധ്യാപകരും അനധ്യാപകരും വിദ്യാർഥികളും ചേർന്നാണ് ശുചീകരണം നടത്തിയത്. പിടിഎ, എൻഎസ്എസ്. എൻസിസി എന്നിവയും ശുചീകരണസമിതിയും യജ്ഞത്തിൽ പങ്കാളികളായി. പ്രിൻസിപ്പൽ ഡോ. ഷജിലബീവി, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. രഞ്ജിനി, പി.ടി.എ. സെക്രട്ടറി ഡോ. എം.എസ്. മുരളി എന്നിവർ നേതൃത്വം നൽകി.



# തിരുമാറാടിയിൽ ഹരിതസമൃദ്ധി വാർഡ് പ്രഖ്യാപനവും വിളവെടുപ്പും



എറണാകുളം തിരുമാറാടി ഗ്രാമപഞ്ചായത്തിൽ ഹരിത സമൃദ്ധി വാർഡ് പ്രഖ്യാപനവും ആദ്യഘട്ട വിളവെടുപ്പും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ. സന്ധ്യമോൾ പ്രകാശ് നിർവഹിച്ചു. തിരുമാറാടി ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ ഹരിതകേരളം മിഷന്റെ ഹരിതസമൃദ്ധി വാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി തിരുമാറാടി ഗ്രാമപഞ്ചായത്തിലെ ഒമ്പതാം വാർഡിനെ ഹരിത വാർഡായി തിരഞ്ഞെടുത്തിരുന്നു. പച്ചക്കറി കൃഷി വിസ്തൃതിയും ഉൽപാദനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഹരിതസമൃദ്ധി വാർഡിനു കീഴിൽ ക്ലസ്റ്റർ കമ്മിറ്റികൾ രൂപീകരിക്കുകയും തുടർന്ന് കൃഷിഭവന്റെയും ഹരിതകേരളം മിഷന്റെയും സഹകരണത്തോടെ വിത്ത്, തൈകൾ, പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള കൂലി ചെലവ് ആനുകൂല്യം തുടങ്ങിയവ നൽകുകയും ചെയ്തിരുന്നു.

# കണ്ണൂർ സെൻട്രൽ ജയിൽ നെറ്റ്സീറോ കാർബൺ പദവിയിലേക്ക്

നെറ്റ് സീറോ കാർബൺ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനത്തെ ആദ്യ ജയിലാകാൻ കണ്ണൂർ സെൻട്രൽ ജയിൽ. നെറ്റ് സീറോ കാർബൺ ജയിലായി മാറ്റുന്നതിന്റെ ഭാഗമായുള്ള കാർബൺ അളവ് കണക്കാക്കുന്ന പരിശീലന പദ്ധതി നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. കതിരൂർ സർവീസ് സഹകരണ ബാങ്ക് ജയിലിന് നൽകിയ 1000 കുറ്റിമുല്ല തൈകളും 400 മൺ ചെടിച്ചട്ടിയും ഏറ്റുവാങ്ങി. സെൻട്രൽ ജയിൽ സൂപ്രണ്ട് കെ. വേണു അധ്യക്ഷനായി. ജോ. സൂപ്രണ്ട് ടി. ജെ. പ്രവിഷ്, വെൽഫെയർ ഓഫീസർ രാജേഷ്, സെൻട്രൽ പ്രിസൺ ഹരിത സ്പർശം കോർഡിനേറ്റർ എ. കെ. ഷിനോജ്, ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ ഇ.കെ. സോമശേഖരൻ, ശുചിത്വമിഷൻ ജില്ലാ കോർഡിനേറ്റർ കെ.എം. സുനിൽകുമാർ, കതിരൂർ സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീജിത്ത് ചോയൻ. കെജെഇഒഎ സംസ്ഥാന സെക്രട്ടറി പി.ടി. സന്തോഷ്, കെ.കെ. ബൈജു തുടങ്ങിയവർ പങ്കെടുത്തു. സുഗന്ധവീഥി, വിവിധ ബ്ലോക്കുകളിൽ പൂച്ചെടികൾ, ഹരിത കർമസേന പ്രവർത്തനം, ശലഭോദ്യാനം. ജയിലിനുമുന്നിൽ പാർക്ക്, ജലസംസ്കരണ യൂണിറ്റ്, ടീ മ്യൂസിയം, സസ്യസമ്പത്തിന്റെ ഡാറ്റാ ബാങ്ക്, പേപ്പർ കവർ നിർമാണം, ചാണക ചെടിച്ചട്ടി നിർമാണം തുടങ്ങിയ പദ്ധതികൾ നെറ്റ് സീറോ കാർബൺ പദ്ധതിയുടെ ഭാഗമായി നടപ്പാക്കും.



# അഴൂർ ഗ്രാമപഞ്ചായത്ത് : നാലാംഘട്ട ഹരിത പ്രഖ്യാപനങ്ങൾ

തിരുവനന്തപുരം അഴൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി സമ്പൂർണ്ണ ഹരിത വിദ്യാലയം, ഹരിത അംഗൻവാടി പ്രഖ്യാപനം പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ നടന്നു. പഞ്ചായത്ത് പ്രസിഡന്റ്



അനിൽ ഉദ്ഘാടനം നിർവഹിച്ചു. ഹരിത വിദ്യാലയങ്ങൾക്കും ഹരിത അംഗൻവാടികൾക്കും സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. വൈസ് പ്രസിഡന്റ് കവിത അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് സെക്രട്ടറി, നവകേരളം കർമപദ്ധതി ആർ.പി., ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സി.ഡി.എസ്. ചെയർപേഴ്സൺ, ഹെൽത്ത് ഇൻസ്പെക്ടർ, ഐസിഡിസി സൂപ്പർവൈസർ, എല്ലാ സ്കൂളുകളിലെയും പ്രതിനിധികൾ, അംഗൻവാടി ടീച്ചർമാർ, വർക്കർമാർ, ഹരിത കർമസേന അംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

# ക്വാറികുളം പരിശോധന

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ വയനാട് അമ്പലവയൽ പഞ്ചായത്തിലെ രായിൻകുട്ടി ക്വാറികുളം ജലസേചന ആവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കുന്നതിനുള്ള പരിശോധന നടന്നു. ഹരിതകേരളം മിഷനും അമ്പലവയൽ ഗ്രാമപഞ്ചായത്തും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയും ചെറുകിട ജലസേചന വകുപ്പും സംയുക്തമായാണ് ഫീൽഡ്



ലെവൽ പരിശോധന നടത്തിയത്. ക്വാറിയിൽ നിന്ന് ആരംഭിക്കുന്ന തോട് എത്തിച്ചേരുന്ന പോത്തുകെട്ടി ഭാഗവും ടീം സന്ദർശിച്ചു. ജലസേചന വകുപ്പ് ഇതുസംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കും. അമ്പലവയൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹഫ്സത്ത് സി.കെ., നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ ഇ. സുരേഷ് ബാബു തുടങ്ങിയവർ പങ്കെടുത്തു.

കാസർഗോഡ് വോർക്കാടി പഞ്ചായത്ത് തല ഹരിത വിദ്യാലയം,ഹരിത സ്ഥാപനം പ്രഖ്യാപനം പഞ്ചായത്ത് ഓഫീസിൽ നടന്നു. എ.കെ.എം. അഷറഫ് എം.എൽ.എ. ഉദ്ഘാടനം നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഭാരതി എസ്. അധ്യക്ഷത വഹിച്ചു. ജില്ലാ പഞ്ചായത്ത് അംഗം കമലാക്ഷി, വൈസ് പ്രസിഡന്റ് സിദ്ദിഖ് പാടി എന്നിവർ സംസാരിച്ചു.



# കൊട്ടിയം ഡോൺ ബോസ്കോ കോളേജ് ഇനി ഹരിത കലാലയം

കൊല്ലം കൊട്ടിയം ഡോൺ ബോസ്കോ കോളേജ് എം. നൗഷാദ് എം.എൽ.എ. ഹരിത കലാലയമായി പ്രഖ്യാപിച്ചു. ഹരിതകേരളം മിഷന്റെ ഏകോപനത്തിൽ കഴിഞ്ഞ 2 വർഷങ്ങളായി നടത്തിയ പ്രർത്തനങ്ങളിലൂടെയാണ് ഹരിത ക്യാമ്പസായി പ്രഖ്യാപിക്കാനായത്.

ജൈവമാലിന്യ സംസ്കരണത്തിനായി ബയോഗ്യാസ് പ്ലാൻറ്, പ്ലാന്റിൽ നിന്ന് ലഭ്യമാകുന്ന ഗ്യാസ് ക്യാന്റീനിലെ പാചകത്തിനായും സ്ലറി ജൈവ പച്ചക്കറി കൃഷിക്കായും വിനിയോഗിക്കുക, അജൈവ മാലിന്യം ശേഖരിക്കുന്നതിനായി പ്രത്യേക ബിന്നുകൾ, ബിന്നുകളിൽ തരംതിരിച്ച് ശേഖരിക്കുന്ന മാലിന്യം ഹരിത കർമസേനയ്ക്ക് കൈമാറൽ, ദ്രവമാലിന്യ സംസ്കരണത്തിനായി സോക്ക് പിറ്റുകൾ, കാർബൺ എമിഷൻ കുറയ്ക്കുന്നതിനായി സോളാർ പാനലുകൾ എന്നിവ കോളേജിൽ സ്ഥാപിച്ചിട്ടുണ്ട്. ക്യാമ്പസിൽ ജൈവ പച്ചക്കറിയും വാഴ കൃഷിയും, പച്ചത്തുരുത്ത്,



തണൽ വൃക്ഷങ്ങൾ, ഔഷധ സസ്യതോട്ടം തുടങ്ങിയവയും നാഷണൽ സർവ്വീസ് സ്കീമിന്റെ നേതൃത്വത്തിൽ പരിപാലിക്കുന്നുണ്ട്. മഴവെള്ള സംഭരണത്തിനായി മഴസംഭരണിയും ഒരുക്കിയിട്ടുണ്ട്. ഡയറക്ടർ ഫാ. ബോബി ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രിൻസിപ്പൽ ഡോ. വൈ. ജോയി സ്വാഗതം ആശംസിച്ചു. ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ എസ്. ഐസക് വിഷയാവതരണം നടത്തി.

## ഇടമലക്കുടിയിലെ ഹരിത ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തി ഹരിതകേരളം മിഷൻ

മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഇടുക്കി ഇടമലക്കുടി ഗ്രാമപഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ ഹരിത ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തി. ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ നടക്കുന്ന അഞ്ചുനാട് മൗണ്ടൻ ലാന്റ്സ്കേപ് പ്രോജക്ടിന്റെ ഭാഗമായി ഗ്രാമ



പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച ഹരിതകേരളം മിഷൻ സംസ്ഥാനതല ടീം ആണ് വിലയിരുത്തൽ നടത്തിയത്. ഇടമലക്കുടിയിലെ വെള്ളവരക്കുടി, പരപ്പയാർക്കുടി, ഇടലിപ്പാറക്കുടി, സൊസൈറ്റിക്കുടി, മേവളയാൻ പാറക്കുടി, കീഴ്വളയാൻ പാറക്കുടി തുടങ്ങിയ സ്ഥലങ്ങൾ സംഘം സന്ദർശിച്ചു. വിവിധ കുടികളിലെ അങ്കണവാടികൾ, ഇടമലക്കുടി ഗവ. ട്രൈബൽ എൽ.പി.എസ്., ഇടമലക്കുടി പ്രാഥമികരോഗ്യകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ സംഘം സന്ദർശിച്ചു. ഓരോ കുടിയിലുള്ളവരോടും ശുചിത്വ ശീലങ്ങൾ സംബന്ധിച്ച് ആശയവിനിമയം നടത്തി. സൊസൈറ്റിക്കുടിയിലെ ഗ്രാമപഞ്ചായത്ത് ഓഫീസ് ഹാളിൽ നടന്ന യോഗത്തിൽ ജനപ്രതിനിധികളും ഇടമലക്കുടി നിവാസികളുമുൾപ്പെടുന്ന സംഘത്തിന് പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവുകുറയ്ക്കൽ, പ്ലാസ്റ്റിക് കത്തിക്കാതിരിക്കൽ, വലിച്ചെറിയൽ രഹിത പ്രദേശമാക്കി മാറ്റൽ എന്നീ വിഷയങ്ങളിൽ ഹരിതകേരളം മിഷൻ പ്രോഗ്രാം ഓഫീസർ വി. രാജേന്ദ്രൻ ബോധവൽക്കരണ ക്ലാസ്സ് നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഈശ്വരി അധ്യക്ഷത വഹിച്ചു. യോഗത്തിൽ വിവിധ ഹരിതസ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റുകൾ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്റർ അജയ് പി. കൃഷ്ണ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കൈമാറി. സംസ്ഥാന മിഷനിൽ നിന്നും പ്രോഗ്രാം ഓഫീസർ ആർ.വി. സതീഷ്, പ്രോജക്ട് കോർഡിനേറ്റർ ലിജി ജോർജ് എന്നിവർ പങ്കെടുത്തു. ഗ്രാമപഞ്ചായത്ത് സെക്രട്ടറി അരുൺകുമാർ സംഘത്തിന്റെ സന്ദർശനത്തിന് നേതൃത്വം നൽകി.

## ശുചിത്വ സന്ദേശ യാത്ര




കണ്ണൂർ ജില്ലയിലെ കൂടാളി ഗ്രാമപഞ്ചായത്ത് മാലിന്യമുക്തം നവകേരളം ശുചിത്വ സന്ദേശ ജാഥ സംഘടിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റ് പി.കെ. ഷൈമ ലീഡറായ ജാഥ വാർഡുകളിൽ പര്യടനം നടത്തി. വൈസ് പ്രസിഡന്റ് പി. പത്മനാഭൻ, എം. വസന്ത, കെ. ദിവാകരൻ, പി.സി. ശ്രീകല തുടങ്ങിയവർ സംസാരിച്ചു. സമാപന സമ്മേളനം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു.

## കൊയിലാണ്ടി മണ്ഡലതല അവലോകനം

ശുചിത്വ കേരളം സുസ്ഥിര കേരളം ലക്ഷ്യമാക്കി ഒക്ടോബർ 2 മുതൽ മാർച്ച് 30 വരെ നീണ്ടുനിൽക്കുന്ന മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി നിയോജക മണ്ഡലതല അവലോകന യോഗം നടത്തി. കാനത്തിൽ ജമീല എംഎൽഎ അധ്യക്ഷത വഹിച്ചു. മാർച്ച് 30 നുള്ളിൽ എല്ലാ മേഖലകളിലും സമ്പൂർണ്ണ ശുചിത്വം കൈവരിക്കാൻ ആവശ്യമായ പ്രവർത്ത



നങ്ങൾ ഉടനെ ഏറ്റെടുക്കാനും എംഎൽഎ നിർദേശിച്ചു. പയ്യോളി നഗരസഭ ചെയർമാൻ വി.പി. അബ്ദുറഹ്മാൻ, ചെങ്ങോട്ടുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബ എം.കെ., തിക്കോടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജമീല സമദ്, വിവിധ തദ്ദേശ സ്ഥാപനതല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കാസർഗോഡ് ജില്ലാ മിഷൻ നിർവഹണസമിതി യോഗങ്ങൾ ചേർന്നു

കാസർഗോഡ് ജില്ലാ മിഷൻ യോഗവും മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ ജില്ലാ നിർവഹണ സമിതി യോഗവും കാസർഗോഡ് ഡിപിസി ഹാളിൽ നടന്നു. നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ പങ്കെടുത്തു. ജില്ലയിലെ നവകേരളം കർമപദ്ധതി ടീമിനോടൊപ്പം ജില്ലാപഞ്ചായത്ത് പ്രസിഡന്റും ജില്ലാ കളക്ടറും ഒരുമിച്ചു പ്രവർത്തിക്കുന്നതാണ് ജില്ലയിലെ പ്രവർത്തന നേട്ടത്തിന് കാരണമെന്ന് ഡോ. ടി.എൻ. സീമ പറഞ്ഞു.

ദ്രവമാലിന്യ സംസ്കരണത്തിന് പ്രാദേശികമായി അനുയോജ്യമായ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണമെന്ന് സംസ്ഥാന കോർഡിനേറ്റർ നിർദ്ദേശിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പി.ബേബി ബാലകൃഷ്ണൻ അധ്യക്ഷത വഹിച്ചു. നവകേരളം കർമപദ്ധതി ജില്ലാ കോർഡിനേറ്റർ



കെ. ബാലകൃഷ്ണൻ, ലൈഫ് മിഷൻ കോർഡിനേറ്റർ വത്സൻ, ആർദ്രം കോർഡിനേറ്റർ ഡോ. അരുൺകുമാർ, ജലസംരക്ഷണമിഷൻ എക്സിക്യൂട്ടിവ് എഞ്ചിനീയർ സുനിത, പരപ്പ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം. ലക്ഷ്മി, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ പ്രസിഡന്റ് സുബ്ബണ്ണ ആൾവ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ സെക്രട്ടറി എ.പി. ഉഷ തുടങ്ങിയവർ പങ്കെടുത്തു.

# കാഞ്ഞങ്ങാട് നഗരസഭയിൽ ഇനി ഞാൻ ഒഴുകട്ടെ മൂന്നാംഘട്ടം

ഹരിതകേരളം മിഷന്റെ ജനകീയ നീർച്ചാൽ വീണ്ടെടുപ്പ് പദ്ധതിയായ 'ഇനി ഞാൻ ഒഴുകട്ടെ' മൂന്നാംഘട്ടം പ്രവർത്തനത്തിന് കാസർഗോഡ് കാഞ്ഞങ്ങാട് നഗരസഭയിൽ തുടക്കമായി. മാലിന്യമുക്തം നവകേരളം




ജനകീയ ക്യാമ്പയിന്റെ ഭാഗമായി കാഞ്ഞങ്ങാട് അതിയാമ്പൂർ കാലിക്കടവ് തോട് ശുചീകരണം നവകേരളം കർമപദ്ധതി സംസ്ഥാന കോർഡിനേറ്റർ ഡോ. ടി.എൻ. സീമ ഉദ്ഘാടനം ചെയ്തു. വാർഡ്തല നിർവഹണസമിതിയുടെ നേതൃത്വത്തിലാണ് ശുചീകരണം നടന്നത്. സന്നദ്ധപ്രവർത്തകരും ജീവനക്കാരും ഹരിതകർമ സേനാംഗങ്ങളുമായി മുന്നൂറോളം പേർ പരിപാടിയിൽ പങ്കെടുത്തു.

# 'ഭൂമി പറയുന്നത്' – മാലിന്യമുക്ത അവബോധ ക്യാമ്പയിനുമായി പെരുമണ്ണ ഗ്രാമപഞ്ചായത്ത്

മാലിന്യമുക്ത നവകേരളം ജനകീയ ക്യാമ്പയിന്റെയും പഞ്ചായത്തിൽ നടപ്പിലാക്കുന്ന ക്ലീൻ പെരുമണ്ണ ഗ്രീൻ പെരുമണ്ണ പദ്ധതിയുടെയും ഭാഗമായി കോഴിക്കോട് പെരുമണ്ണ



ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ശാസ്ത്രീയ മാലിന്യ സംസ്കരണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി 'ഭൂമി പറയുന്നത്' എന്ന പേരിൽ ഒറ്റയാൾ നാടകം സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനും നാടക പ്രവർത്തകനുമായ എം.എ. പ്രതീഷ് രചനയും സംവിധാനവും നിർവഹിച്ച് അഭിനയിച്ച നാടകം വിവിധ സ്കൂളുകളിലും തെരുവുകളിലും അവതരിപ്പിച്ചു.

ജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണം, പാഴ്വസ്തുക്കൾ തരംതിരിച്ച് ഹരിത കർമസേനയ്ക്ക് കൈമാറൽ, വലിച്ചെറിയാതിരിക്കുക, കത്തിക്കാതിരിക്കുക, എന്നിവ സംബന്ധിച്ചുള്ള സന്ദേശങ്ങൾ, നാടും നഗരവും ജലാശയങ്ങളും വൃത്തിയോടെ സംരക്ഷിക്കേണ്ടതാണെന്നുള്ള അവബോധം സൃഷ്ടിക്കുക, വിദ്യാലയങ്ങളെ ഹരിത വിദ്യാലയം ആക്കി മാറ്റുന്നതിന് വിദ്യാർത്ഥികൾക്കുള്ള പങ്ക് എന്നിവയെല്ലാം നാടകത്തിലെ പ്രധാന വിഷയങ്ങളായി.

# കുന്നംകുളം നഗരസഭയിൽ ആർ.ആർ.ആർ.സെന്റർ



തൃശൂർ കുന്നംകുളം നഗരസഭയിൽ ആർ.ആർ.ആർ. (റെഡ്യൂസ്, റിയൂസ്, റീസൈക്കിൾ) സെന്റർ നഗരസഭ ചെയർപേഴ്സൺ സീത രവീന്ദ്രൻ ഉദ്ഘാടനം ചെയ്തു. സ്വച്ഛ് സർവേക്ഷൻ, മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഭാഗമായാണ് നഗരസഭ ഓഫീസ് അങ്കണത്തിൽ ആർ.ആർ. ആർ. സെന്റർ പൊതുജനങ്ങൾക്കായി ഒരുക്കിയത്. നഗരസഭ വൈസ് ചെയർപേഴ്സൺ സൗമ്യ അനിലൻ അധ്യക്ഷത വഹിച്ചു. പുനരുപയോഗ ശീലം പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാലിന്യങ്ങളുടെ അളവ് കുറക്കുകയും പരസ്പര സഹായ മനോഭാവം വളർത്തുകയുമാണ് ആർ.ആർ.ആർ. സെന്റർ കൊണ്ട് ഉദ്ദേശിക്കുന്നത്. തുണിത്തരങ്ങൾ, ഇലക്ട്രോണിക് ഉപകരണങ്ങൾ തുടങ്ങിയ എല്ലാ വസ്തുക്കളും ആർ.ആർ.ആർ. സെന്ററിൽ നൽകാം. ആവശ്യക്കാർക്ക് സൗജന്യമായി എടുക്കുകയും ചെയ്യാം.

## എന്റെ പാത്രം നിന്റെ കണ്ണാടി ക്യാമ്പയിൻ

എന്റെ പാത്രം നിന്റെ കണ്ണാടി ക്യാമ്പയിനുമായി ആലപ്പുഴ കരുവാറ്റ കുമാരപുരം നോർത്ത് ഗവ. എൽ.പി. സ്കൂളിലെ വിദ്യാർത്ഥികൾ. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി കുട്ടികളിൽ മാലിന്യ സംസ്കരണം



ശീലമാകുന്നതിനും, ഭക്ഷണം പാഴാക്കാതിരിക്കുന്നതിനും, കഴിച്ചു ബാക്കി വരുന്ന ഭക്ഷണാവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും, ജൈവമാലിന്യ ഉപാധിയെ പരിചയപ്പെടുത്തുന്നതിനും വേണ്ടി നടത്തിയ ക്യാമ്പയിൻ ആണ് എന്റെ പാത്രം നിന്റെ കണ്ണാടി.

## വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് കിറ്റി ഷോ



മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിന്റെ ഭാഗമായി തൃശൂർ വാടാനപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ കിറ്റി ഷോ സംഘടിപ്പിച്ചു. മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം വിദ്യാർഥികളിലേക്ക് പകർന്നു നൽകുക എന്ന ലക്ഷ്യത്തോടെയാണ് കിറ്റി ഷോ സംഘടിപ്പിച്ചത്. വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശാന്തി ഭാസി ഉദ്ഘാടനം നിർവഹിച്ച ചടങ്ങിൽ വൈസ് പ്രസിഡന്റ് രമ്യ ബിനേഷ് അധ്യക്ഷത വഹിച്ചു. തുടർന്ന് ക്യാമ്പയിൻ പ്രവർത്തനങ്ങളെ കുറിച്ച് വിശദീകരണം നൽകി. മുഖ്യാതിഥി വിനോദ് നരയാട്ട് വെൻട്രിലോക്കിസം എന്ന കലയിലൂടെ കിറ്റി ഷോയുടെ അവതരണം നടത്തി.

## കൊടികുത്തിമല ഹരിത ടൂറിസം

മലപ്പുറം ജില്ലയിൽ താഴെക്കാട് പഞ്ചായത്തിലെ കൊടികുത്തിമല എക്കോ ടൂറിസം ഇനി ഹരിത ടൂറിസം കേന്ദ്രം. മന്ത്രി അബ്ദുറഹിമാൻ പ്രഖ്യാപനം നിർവഹിച്ചു.



## അഴിത്തല ബീച്ച് ഹരിത ടൂറിസം കേന്ദ്രം

കാസർഗോഡ് ജില്ലയിൽ നീലേശ്വരം നഗരസഭയിലെ അഴിത്തല ബീച്ചിൽ പാഴ്വസ്തുക്കൾ കൊണ്ട് നിർമ്മിച്ച മത്സ്യശിൽപത്തിന്റെ ഉദ്ഘാടനവും ഹരിത ടൂറിസം കേന്ദ്രം പ്രഖ്യാപനവും എം. രാജഗോപാലൻ എം.എൽ.എ. നിർവഹിച്ചു. നഗരസഭാ ചെയർപേഴ്സൺ ടി.വി. ശാന്ത അധ്യക്ഷയായി. മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ പരിപാടിയുടെ ഭാഗമായി ഇവിടെ ബീച്ച് ക്ലീൻ ഡ്രൈവും സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, നീലേശ്വരം നഗരസഭ, നവകേരളം കർമപദ്ധതി, ഹരിതകേരളം മിഷൻ, കുടുംബശ്രീ, സന്നദ്ധ പ്രവർത്തകർ, ഹരിത കർമസേന തുടങ്ങിയവർ പങ്കെടുത്തു.



Chief Editor : Dr. T.N.Seema, State Coordinator, Navakeralam Karmapadhathi 2
Editorial Team : T.P. Sudhakaran, Asst. Cordinator | B. Manoj, Public Relations Officer | Anu Liya Jose, Young Professional | Archana Shaji, Young Professional
Design & Layout : Fousia P A, Graphic Designer | Content Contribution : District Mission Teams, Navakeralam Karmapadhathi 2
Published by Navakeralam Karmapadhathi 2, Statue, Trivandrum 01. Website : https://nkp.kerala.gov.in
Printed at Gramalakshmi Mudralayam, 9446639246